<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4911**</u> <u>**04-07-2024 - ൽ മറുപടിയ്ക്ക്**</u>

<u>**പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലം തിട്ടപ്പെടുത്തൽ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം നൗഷാദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഇരവിപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ഏതൊക്കെ ഭാഗങ്ങളിലാണെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ ഇരവിപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ പുറമ്പോക്ക് ഭൂമി പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. പരാതി ലഭിച്ചിട്ടുള്ള ചെയിനേജുകളിൽ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. അയത്തിൽ പള്ളിമുക്ക് റോഡിൽ മുള്ളുവിള ജംഗ്ഷനിൽ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള പൊതുമരാമത്ത് റോഡു കളിലെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകണമെന്ന് കൊല്ലം താലൂക്ക് തഹസീൽദാരോട് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ